## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2019 — 22.03.2012 ലെ മറുപടിയ്ക്ക്

### ലോട്ടറി മേഖല

**ചോദ്യം**
ശ്രീ. പി.എ. മാധവൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര ലോട്ടറികൾ ആരംഭിച്ചുവെന്ന് അറിയിക്കാമോ ; | (എ) | 6 എണ്ണം |
| (ബി) | ലോട്ടറിയിൽ നിന്നമല്ല വരുമാനത്തിൽ ഇപ്പോൾ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | അന്യ സംസ്ഥാന ലോട്ടറികളെ കർശനമായി നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ; | (സി) | പുതിയതായി പുനസംഘടിപ്പിച്ച സംസ്ഥാനതല മോണിറ്ററിംഗ് സെൽ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്-ന്റെ (ഇന്റലിജൻസ്) നേതൃത്വത്തിലും പുതിയതായി രൂപീകരിച്ച ജില്ലാ തല മോണിറ്ററിംഗ് സെൽ അതാത് ജില്ലാ കളക്ടറുടെ നേതൃത്വത്തിലും അനധികൃത അന്യസംസ്ഥാന ഭാഗ്യക്കുറികളുടെ വിൽപ്പന ഫലപ്രദമായി നിയന്ത്രിക്കുന്നതിന് നിലവിൽ വരുകയുണ്ടായി.<br>സംസ്ഥാന മോണിറ്ററിംഗ് സെല്ലിന്റെ ആദ്യ യോഗം 17.01.2012 ലും രണ്ടാമത്തേത് 24.02.2012 ലും കൂടുകയും നാളിതുവരെയുള്ള അന്യസംസ്ഥാന അനധികൃതലോട്ടറി വിൽപ്പന സംബന്ധിച്ച വിഷയം സൂക്ഷ്മമായി അവലോകനം ചെയ്യുകയും ഉണ്ടായി. ഇതിന്റെ ഭാഗമായി ജില്ലാതല മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി പ്രവർത്തിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പോലീസ് നടത്തിയ ഊർജ്ജിത അന്വേഷണത്തിന്റെയും നടപടിക്രമങ്ങളുടെയും ഭാഗമായി |

| | | | |
|---|---|---|---|
| | | | പത്തനംതിട്ട - 5 ആലപ്പുഴ- 2,കോട്ടയം-3, എറണാകുളം-4, തൃശ്ശൂർ - 2, കണ്ണൂർ-2, കാസർകോഡ് - 4 എന്നിങ്ങനെ കേസ്സുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>കേന്ദ്രസർക്കാർ നിരോധിച്ച സിക്കിം ഭാഗ്യക്കുറിയുടെ ടിക്കറ്റുകൾ നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്നും പോലീസ് പിടിച്ചെടുത്ത് പ്രതികളെ അറസ്റ്റ് ചെയ്ത് ക്രൈം നമ്പർ 25/12 നമ്പരായി ബഹുമാനപ്പെട്ട ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ആലുവയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 24.02.2012 ലെ സംസ്ഥാനതല മോണിറ്ററിംഗ് സെൽ യോഗത്തിൽ നെടുമ്പാശ്ശേരി പോലീസ് രജിസ്റ്റർ ചെയ്ത പ്രസ്തുത കേസ് ക്രൈം നമ്പർ - 25/2012 തുടർ അന്വേഷണത്തിനായി സ്പെഷ്യൽ ടീമിന് കൈമാറാനും, ഒരു പുതിയ അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തി കേസിന്റെ തുടർ അന്വേഷണം ത്വരിതപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.<br><br>അന്യസംസ്ഥാന അനധികൃത ഭാഗ്യക്കുറി വിൽപ്പനയെ സംബന്ധിച്ച പരാതികളോ പത്രവാർത്തയോ ലഭിച്ചാൽ ഉടൻതന്നെ ആവശ്യമായ മേൽനടപടികൾ സ്വീകരിച്ചു പോരുന്നു. |
| (ഡി) | ലോട്ടറി വിൽപ്പനയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നിലവിൽ സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ? | (ഡി) | സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്ക് പ്രതിമാസം 500 രൂപ പെൻഷൻ, ചികിത്സാ സഹായം, വിവാഹ ധനസഹായം , പ്രസവാനുകൂല്യം, മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർക്ക് മരണാനന്തര സഹായം, കുടുംബപെൻഷൻ, അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിന് സ്കോളർഷിപ്പ്, അംഗങ്ങൾക്ക് വിൽപ്പനയ്ക്ക് ടിക്കറ്റ് വായ്പ എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു. ഇതുകൂടാതെ എക്സ്ഗ്രേഷ്യ , ഓണം അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ